'108092/2023

## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. പ്രിയങ്ക ജി. ഐഎഎസ്)

വിഷയം:- വനിത ശിശുവികസന വകുപ്പ് - സൈക്കോസോഷ്യൽ പദ്ധതി - സ്കൂൾ കൌൺസിലർമാരുടെ വേനൽക്കാല പ്രവർത്തങ്ങൾക്കുള്ള യാത്രാബത്ത - 2023-24 - ജില്ലകൾക്ക് തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: 1. സ.ഉ. (സാധാ) നം. 540/2014/സാനീവ, തീയതി : 23.08.2014

2. വിവിധ ജില്ല വനിതാ ശിശു വികസന ഓഫീസർമാർ ലഭ്യമാക്കിയ യാത്രാബത്ത സംബന്ധിച്ച പ്രൊപ്പോസലുകൾ

**ഉത്തരവ് നം. DWCD/4211/2022-ICDSA6, തീയതി: 29-07-2023**

സംസ്ഥാനത്തെ സൈക്കോസോഷ്യൽ സ്കൂൾ കൌൺസിലർമാർക്ക് വെക്കേഷൻ സമയത്ത് അവരുടെ പരിധിയിൽ ഉള്ള അങ്കണവാടികൾ സന്ദർശിച്ച്, വേനൽക്കാല പ്രവർത്തനങ്ങൾ (ഏപ്രിൽ - മെയ് മാസങ്ങളിൽ) നടത്തുന്നതിനായി സ്ഥിര യാത്രാബത്തയായി പരമാവധി 1500/- രൂപ അനുവദിക്കുന്നതിനു പരാമർശം (1) പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അപ്രകാരം ഓരോ വർഷവും സ്കൂൾ കൌൺസിലർമാർക്ക് യാത്രാബത്ത അനുവദിച്ചു വരുന്നു.

മേൽ സാഹചര്യത്തിൽ നടപ്പുവർഷവും അങ്കണവാടികൾ കേന്ദ്രീകരിച്ച് സ്കൂൾ കൌൺസിലർമാർ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തി യാത്രാബത്തയ്ക്കാവശ്യമായ പ്രോപ്പോസലുകൾ സമർപ്പിക്കുവാൻ ജില്ലകളോട് ആവശ്യപ്പെട്ടിരുന്നത് പ്രകാരം പരാമർശം (2) പ്രകാരം പ്രോപ്പോസലുകൾ ലഭ്യമാക്കിയിട്ടുണ്ട്. അതുപ്രകാരം സമയബന്ധിതമായി പ്രോപ്പോസലുകൾ ലഭ്യമാക്കിയ 13 ജില്ലകൾക്കുള്ള തുക ചുവടെ ചേർക്കുന്ന രീതിയിൽ അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | ജില്ല | യാത്രാബത്ത ഇനത്തിൽ അനുവദിക്കുന്ന തുക (Rs) |
|---|---|---|
| 1 | കൊല്ലം | 108764 |
| 2 | പത്തനംതിട്ട | 63532 |
| 3 | ആലപ്പുഴ | 80002 |
| 4 | കോട്ടയം | 88500 |
| 5 | ഇടുക്കി | 73369 |
| 6 | എറണാകുളം | 97162 |

| | | |
|---|---|---|
| 7 | തൃശ്ശൂർ | 109412 |
| 8 | പാലക്കാട് | 102109 |
| 9 | മലപ്പുറം | 116247 |
| 10 | കോഴിക്കോട് | 109054 |
| 11 | വയനാട് | 96463 |
| 12 | കണ്ണൂർ | 128252 |
| 13 | കാസർഗോഡ് | 79046 |
| | ആകെ | 12,51,912 |

(ആകെ പന്ത്രണ്ട് ലക്ഷത്തി അൻപത്തിയൊന്നായിരത്തി തൊള്ളായിരത്തി പന്ത്രണ്ട് രൂപ മാത്രം)

മേൽ തുക സൈക്കോസോഷ്യൽ സ്കൂൾ കൗൺസിലർമാർക്ക് യാത്രാബത്ത അനുവദിക്കുന്നതിനായി ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർക്ക് പ്രോജക്റ്റ്തല തുക ഉൾപ്പെടുത്തിയ ലിസ്റ്റ് സഹിതം, ക്ലെയിമുകളുടെ കൃത്യത ഉറപ്പ് വരുത്തി, ഉത്തരവാക്കി നൽകേണ്ടതാണ്.

ഇതിലെയ്ക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-62-01-04-01 PV ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

തുക ചെലവഴിച്ചത് സംബന്ധിച്ച ധനവിനിയോഗ സാക്ഷ്യപ്പത്രം CDPO മാരിൽ നിന്നും ലഭ്യമാക്കി ക്രോഡീകരിച്ച സമയബന്ധിതമായി ഈ കാര്യാലയത്തിൽ (icdsasection@gmail.com) ലഭ്യമാക്കേണ്ടതാണ്.

PRIYANKA G

**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും,

പകർപ്പ് :

1. എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും,
2. സൂപ്രണ്ട്, അക്കൗണ്ട് സെക്ഷൻ
3. സൂപ്രണ്ട്, IT സെൽ (വെബ് സൈറ്റ് പ്രസിദ്ധീകരണം)
4. സ്റ്റോക്ക് ഫയൽ / സ്പെയർ

ʼigned by Priyanka G
ʼate: 29-07-2023 13:01:23